# STD - VI

## അദ്ധ്യാപക സഹായി

**പാഠം – ആറ്      ദാവീദ് രാജാവ്      ഭാഗം – ഒന്ന്**

### ലക്ഷ്യം

ദൈവഭയം ഉള്ളവരായിരിക്കുവിൻ; എന്നാൽ ദൈവം നമ്മെ സംരക്ഷിക്കും. ദൈവത്തോട് വിശ്വസ്തനായിരുന്നുകൊണ്ട് ദൈവത്തിന് പ്രിയപ്പെട്ടവനായി ഞാൻ ജീവിക്കും.

### പഠനസഹായികൾ

* ദാവീദിന്റെ ചിത്രം
* Video - Story of David and Goliath - youtube animation
* വചനം – 1 സാമു. 16:18,1, സാമു. 18:7

### പാഠത്തിന്റെ ഉള്ളടക്കം

* ദാവീദ് – ഇടയബാലൻ
* ദാവീദിന്റെ പിതാവ് – ബെത്‌ലഹേംകാരനായ ജെസ്സെ
* ദാവീദ് – ദൈവഭയമുള്ളവൻ. കിന്നരം വായനയിൽ നിപുണൻ. നല്ലൊരു യോദ്ധാവ്, കോമളൻ, വാക്ചാതുര്യമുള്ളവൻ.
* ഫിലിസ്ത്യരിൽ മല്ലയുദ്ധപ്രവീണനായ ഗോലിയാത്ത് ദൈവത്തെ നിന്ദിച്ചുകൊണ്ട് ഇസ്രായേൽക്കാരെ യുദ്ധത്തിന് വെല്ലുവിളിച്ചു
* ദാവീദ് തന്റെ കല്ലും കവണയും എടുത്ത് ദൈവത്തെ വിളിച്ചപേക്ഷിച്ചുകൊണ്ട് ഗോലിയാത്തിനെ നേരിട്ടു. ദാവീദ് ഗോലിയാത്തിനെ വാളിനിരയാക്കി.
* സാവൂളിന് ദാവീദിനോട് അസൂയ തോന്നി അവനെ വധിക്കാൻ ആഗ്രഹിച്ചു.
* ദൈവകരം ദാവീദിനെ സംരക്ഷിച്ചു. ജനം ദാവീദിനെ പാടി പുകഴ്ത്ത്.
* ന്യായാധിപന്മമാർ – സാമുവൽ അവസാനത്തെ ന്യായാധിപൻ.

### പ്രാർത്ഥന

ദൈവമേ, അവിടത്തോട് വിശ്വസ്തരായിരുന്നുകൊണ്ട് പ്രതിസന്ധിഘട്ടങ്ങളിൽ അവിടത്തെ വിളിച്ചപേക്ഷിക്കുവാനും അവിടുത്തേക്ക് പ്രിയപ്പെട്ടവരായി ജീവിക്കുവനും ഞങ്ങളെ അനുഗ്രഹിക്കേണമേ. ആമ്മേൻ

## ചോദ്യങ്ങൾ

1. ദാവീദിന്റെ പിതാവ് ആര്?
2. ദാവീദിന്റെ ഗുണങ്ങൾ എന്തെല്ലാം? വചനഭാഗം ഏത്?
3. ദാവീദ് ഗോലിയാത്തിനെ വധിച്ചത് എങ്ങനെ?
4. ആരാണ് ന്യായാധിപന്മാർ? അവസാനത്തെ ന്യായാധിപൻ ആര്?
5. എന്തുകൊണ്ടാണ് ദാവീദ് സാവൂളിനോട് പ്രതികാരം ചെയ്യാതിരുന്നത്?

# STD - VI

## അദ്ധ്യാപക സഹായി

## പാഠം - ആറ് ദാവീദ് രാജാവ് ഭാഗം - രണ്ട്

### ലക്ഷ്യം

തെറ്റ് മാനുഷികമാണ്, ക്ഷമിക്കുന്നത് ദൈവവും. പശ്ചാത്തപിക്കുന്നവരോട് ദൈവം ക്ഷമിക്കുന്നു. പശ്ചാത്തപിച്ച് പാപങ്ങൾ ഏറ്റുപറഞ്ഞ് ഞാൻ ദൈവത്തിന് പ്രിയപ്പെട്ടവനായി ജീവിക്കും. മറ്റുള്ളവരെ നന്മയിൽ വളരാൻ ഞാൻ സഹായിക്കും.

### പഠനസഹായികൾ

* വചനം -സാമു. 12:13-31 (ദാവീദ് അനുതപിക്കുന്നു), സങ്കീ. 23
* Video - King David (Malayalam) Bible stories for kids - youtube
* Role Play - നാഥാൻ പ്രവാചകനും ദാവീദ് രാജാവും തമ്മിലുള്ള കൂടിക്കാഴ്ച (2 സാമു.12)

### പാഠത്തിന്റെ ഉള്ളടക്കം

* സാവൂൾ ഇസ്രായേലിന്റെ ആദ്യത്തെ രാജാവ്
* സാവൂളിനുശേഷം ദാവീദ് ഇസ്രായേലിന്റെ രാജാവായി.
* ദാവീദ് വലിയ പാപത്തിൽ അകപ്പെടുന്നു.
* നാഥാൻ പ്രവാചകൻ ദാവീദിന്റെ തെറ്റ് ചൂണ്ടിക്കാണിക്കുകയും അവനെ മാനസാന്തരത്തിലേക്ക് നയിക്കുകയും ചെയ്യുന്നു.
* ദാവീദ് - പ്രിയപ്പെട്ടവൻ

  ഇസ്രായേൽ ജനത്തെ 40 വർഷം ഭരിച്ചു, ധാരാളം സങ്കീർത്തനങ്ങൾ രചിച്ചു, മിശിഹാ - ദാവീദിന്റെ വംശത്തിൽനിന്ന്
* കർത്താവ് എന്റെ ഇടയൻ (സങ്കീ. 23)

### പ്രാർത്ഥന

ദൈവമേ, തെറ്റിൽ വീഴാൻ ഇടയായാൽ പശ്ചാത്തപിച്ച് അങ്ങേയിലേക്ക് തിരിയുവാനും, അങ്ങേയ്ക്ക് പ്രിയപ്പെട്ടവരായി ജീവിക്കുവാനും ഞങ്ങളെ സഹായിക്കേണമേ. ആമ്മേൻ.

## ചോദ്യങ്ങൾ

1. ആരാണ് സാവൂളിനെ ഇസ്രായേലിന്റെ ആദ്യത്തെ രാജാവായി അഭിഷേകം ചെയ്തത്?
2. ദാവീദ് രാജാവിന്റെ ഭരണം എങ്ങനെയായിരുന്നു?
3. ദാവീദിനെ മാനസാന്തരത്തിലേക്ക് നയിച്ച പ്രവാചകൻ ആര്?
4. യുദ്ധക്കളത്തിൽവച്ച് ദാവീദ് ചതിയിൽ കൊലപ്പെടുത്തിയ പടയാളിയുടെ പേര്?
5. ദാവീദ് എന്ന വാക്കിന്റെ അർത്ഥം എന്ത്?
6. സങ്കീ. 23 മനപ്പാഠമാക്കുക.